# THE BIBLE TRUTH



# EXCELLENT OFFER ALMOST FREE !

**Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.**

**Also Available Are 20 Books In Hindi Just For Rupees Twenty Only.**

**All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:**

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 10 January 1997 No. 10

## എഡിറ്റോറിയൽ

**പു**തുവർഷത്തിന്റെ ലഹരിയെല്ലാം അല്പം ഒതുങ്ങിയ സമയമാണല്ലോ ഇപ്പോൾ. ഏതാണ്ട് ഉത്സവം കഴിഞ്ഞ പറമ്പിന്റെ ശാന്തത മനുഷ്യമനസിൽ കടന്നുകൂടിയിരിക്കാം. ലോകം മുഴുവൻ ഒന്നു പരിശോധിച്ചാൽ ഇത്തരം ആഘോഷങ്ങളിലും വിനോദങ്ങളിലും ആളുകൾ ആനന്ദം കണ്ടെത്തുന്നു. ആ ഒരു അനുഭൂതി ശാശ്വതമല്ല എന്നും ശാശ്വതമായി ഇതു നിലനിർത്താൻ എന്താണ് മാർഗ്ഗമെന്നും അധികം പേരും ആലോചിക്കുന്നില്ല. ഒരു പക്ഷെ നമ്മിൽ അന്തർലീനമായി കിടക്കുന്ന ഒരു വാസനയായിരിക്കാം അത്. എല്ലാ കാര്യത്തിലും പുതുമ വേണ്ടേ എന്ന ചിന്താഗതിയിലേക്കു നിങ്ങളുടെ ശ്രദ്ധ തിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

സാമൂഹ്യജീവിതത്തിൽ അന്യോന്യ ബന്ധം മനുഷ്യർക്ക് ഒഴിച്ച് കൂടാനാവാത്തതാണ്. കുടുംബത്തിൽ മാത്രമായി നമ്മുടെ ജീവിതം ഒതുങ്ങുന്നില്ല. അവിടെയാണ് നമ്മുടെ യഥാർത്ഥ ആത്മ സംതൃപ്തി ലഭിക്കുന്നത്. ഇതിനുള്ള മാനദണ്ഡങ്ങൾ സ്വീകരിക്കുന്നത് വ്യത്യസ്ഥമാകയാൽ അതിന്റെ അനന്തര ഫലവും വിഭിന്നമായിരിക്കും. എന്നിലുള്ള ന്യൂനത കണ്ടെത്താൻ ഞാൻ ശ്രമിക്കണം. അതിനു പകരമായി മററുള്ളവരിൽ അതു കണ്ടെത്താൻ ശ്രമിച്ചാൽ പരാജയം ഏ

നിക്കായിരിക്കും. ധൃത ഗതിയിൽ ചലിക്കുന്ന ജീവിതമാണ് നമ്മുടെ മുൻപിൽ ഉള്ളത്. സാവകാശം ആലോചിച്ച് കാര്യങ്ങൾ വിവേചിക്കുവാൻ അധികം പേരും തുനിയുന്നില്ല. അതുകൊണ്ടു മാനസിക വ്യഥയും നിരാശാബോധവും മനസിനെ അലട്ടിക്കൊണ്ടിരിക്കും. ഇതൊഴിവാക്കാൻ നാം ശ്രമിക്കണം. എങ്കിലേ ക്രിയാശേഷി വർദ്ധിക്കയുള്ളു. നമ്മുടെ ഉള്ളിൽ എന്തിനാണ് പ്രാധാന്യം ഉള്ളതെന്നു നമ്മുടെ സ്വഭാവം വ്യക്തമാക്കുന്നു. ഇന്നലെയും നാളെയും തമ്മിലുള്ള വ്യത്യാസം എത്രമാത്രം നമ്മിൽ ഉണ്ട്?

വർഷങ്ങൾ എത്ര വേഗമാണ് പൊയ് പോകുന്നത്? കഴിഞ്ഞ വർഷം വീണ്ടും തിരിച്ചു കിട്ടുന്നില്ല എന്നതു പരമാർത്ഥമാണ്. കിട്ടിയ അവസരം പിന്നീട് കിട്ടണമെന്നുമില്ല. പുതുവർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്ന നമ്മുടെ മുൻപിൽ വന്നിരിക്കുന്നത് പുതിയ അവസരമാണ്. ഉത്തരവാദിത്വങ്ങൾ തിരിച്ചറിഞ്ഞു പ്രവർത്തിക്കാനുള്ള മനസാണ് ഏവർക്കും ആവശ്യം. നഷ്ടപ്പെടുത്തിയ സന്ദർഭങ്ങൾ പലതുമുണ്ടാകാം. ചെയ്യാതെ വിട്ടുപോയ പല കാര്യങ്ങളും നമ്മുടെ സ്മൃതിപഥത്തിൽ വന്നേക്കാം. വീണ്ടും നോക്കാം എന്ന ധാരണയാണല്ലൊ നീട്ടി വെക്കലിനും മാററി വെക്കലിനും കാരണം. നാളെയാകട്ടെ, പിന്നെയാകട്ടെ, ഇനിയും സമയമുണ്ടല്ലൊ എന്നൊക്കെ ഒഴിവു കഴിവുകൾ നിരത്തുന്നത് അലസതയുടെ ലക്ഷണമാണ്. കുററബോധം ഉണ്ടാകാതിരിക്കാൻ ഇപ്പോൾ ചെയ്യേണ്ടത് ഇപ്പോൾ തന്നെ ചെയ്യുക. ഇപ്പോൾ ചെയ്യരുതാത്തത് ഇപ്പോൾ തന്നെ ചെയ്യാതിരിക്കുക. അതൊരു പുതിയ തീരുമാനമാകട്ടെ.

പഴയതെല്ലാം മാററികളയുക എന്നതു എല്ലാകാര്യത്തിലും അനുവർത്തിക്കാവുന്ന നയമല്ല എങ്കിലും പലതും ഉപേക്ഷിക്കുക തന്നെ വേണം.

★

# സാത്താൻെറ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലൊ

## J.C. ചോട്ട്

ദുഷ്ടനായ, പിശാചായ സാത്താനെ സംബന്ധിച്ച് നമ്മിൽ അധികം പേർക്കും അറിയാവുന്നതാണ്; ''ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുററി നടക്കുന്നു'' (1 പത്രൊസ് 5:8). യോഹന്നാൻ തൻെറ ലേഖനത്തിൽ വിവരിക്കുന്നത്: ''പാപം ചെയ്യുന്നവൻ പിശാചിൻെറ മകൻ ആകുന്നു. പിശാച് ആദി മുതൽ പാപം ചെയ്യുന്നുവല്ലൊ. പിശാചിൻെറ പ്രവർത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി (1 യോഹന്നാൻ3:8). യേശുക്രിസ്തുവിൻെറ പ്രസ്താവന രേഖപ്പെടുത്തിയിരിക്കുന്നത് നമുക്കു വായിക്കാം. യെഹൂദന്മാരെ പററി പറയുന്ന സന്ദർഭമാണ്.'' നിങ്ങൾ പിശാചെന്ന പിതാവിൻെറ മക്കൾ; നിങ്ങളുടെ പിതാവിൻെറ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കുലപാതകൻ ആയിരുന്നു. അവനിൽ സത്യം ഇല്ലായ്ക കൊണ്ടു സത്യത്തിൽ നില്ക്കുന്നതുമില്ല അവൻ ഭോഷ്ക് പറയുമ്പോൾ സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു. അവൻ ഭോഷ്ക് പറയുന്നവനും അതിൻെറ അപ്പനും ആകുന്നു ''(യോഹന്നാൻ 8:44). അതേ സമയത്ത് അവനിൽ നിന്നു രക്ഷ പ്രാപിപ്പാനുള്ള വഴിയുണ്ട്. ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോടു എതിർത്തു നില്പിൻ. എന്നാൽ അവൻ നിങ്ങളെവിട്ടു ഓടിപ്പോകും. (യാക്കൊബ് 4:7).

ആദാമിനേയും ഹവ്വയെയും ആരംഭത്തിൽ തന്നെ ഏദെൻ തോട്ടത്തിൽ വെച്ച് പരീക്ഷിക്കുകയും തൽഫല

മായി അവൻ ദൈവ സന്നിധിയിൽ പാപം ചെയ്തു തോട്ടത്തിൽ നിന്നും ജീവ വൃക്ഷത്തിൽ നിന്നും പുറന്തള്ളപ്പെട്ടു. അവർ ദുഷ്ടന്റെ വാക്കുകൾ ശ്രദ്ധിച്ചതുകൊണ്ട് ദൈവത്തിന്റെ വാക്കുകളെ തള്ളിക്കളഞ്ഞു. അതുകൊണ്ടു പാപം ലോകത്തിൽ വന്നു. അനന്തര ഫലവും പിന്തുടർന്നു. പ്രത്യാഘാതം ഭയങ്കരമായിരുന്നു. അതേ സാത്താൻ, ദൈവ പുത്രനും മനുഷ്യ പുത്രനുമായി ജീവിച്ച യേശുവിനെയും പരീക്ഷിച്ചു. അവൻ ആ പരീക്ഷണങ്ങളെ നേരിട്ടതു: ''കർത്താവ് ഇങ്ങനെ അരുളിച്ചെയ്യുന്നുവല്ലൊ, ''തിരുവെഴുത്തു'' ഇപ്രകാരം പറയുന്നുവല്ലൊ എന്ന പ്രതികരണത്താലായിരുന്നു (മത്തായി 4:11). സ്വാർത്ഥ പരമായ ആവശ്യങ്ങൾക്കു ദൈവവചനത്തെ കോട്ടിമറിക്കുന്ന തന്ത്രവും പിശാചിന്റേതാണ്. പൂർണ്ണമായ സത്യം അറിയാവുന്ന ഏതൊരാളും പിശാചിന്റെ വലയത്തിൽ വീഴാതിരിക്കാൻ ശ്രമിക്കും.

സാത്താനു ശക്തി ഉണ്ടെങ്കിൽ പോലും അവനു ക്രിസ്ത്യാനികളിൽ മുതലെടുക്കാൻ കഴിയുന്നതു ചിലർ അവന്റെ തന്ത്രങ്ങളിൽ കുടുങ്ങുന്നതുകൊണ്ടാണ്. അല്ലെങ്കിൽ അവനു യഥാർത്ഥ ക്രിസ്ത്യാനികളെ കീഴ്പ്പെടുത്താൻ കഴിയില്ല. അവൻ വീണ്ടും വീണ്ടും നമ്മെ പരീക്ഷിച്ചേക്കാം. ഒന്നോ രണ്ടോ പ്രാവശ്യം പരീക്ഷിച്ചു നിർത്തിയേക്കും എന്നു കരുതരുത്. അവന്റെ ആക്രമണം വീണ്ടും ഉണ്ടാകാം. എന്നാൽ തിരുവെഴുത്തു നമ്മെ ധൈര്യപ്പെടുത്തുന്നു. ''മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനും, നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ പോക്കു വഴിയും ഉണ്ടാക്കും'' (1 കൊരിന്ത്യർ 10:14). ഏതെങ്കിലും പരീക്ഷണം ഒരാൾക്കു വന്നു എന്നിരിക്കട്ടെ അതിൽ നിന്നു

അയാൾക്കു രക്ഷപ്പെടണമെന്നു വിചാരമുണ്ടെങ്കിൽ ദൈവം അതിനു വഴി ഒരുക്കും. അതല്ലെങ്കിൽ ആ പരീക്ഷണത്തിനു അയാൾ കീഴ്പ്പെടും. പോക്കു വഴിയുണ്ട് എന്നും അതെന്താണെന്നും പരിശോധിച്ച് അറിഞ്ഞ് സഞ്ചരിക്കണം എന്നർത്ഥം. നമ്മുടെ കർത്താവിനു ശക്തിയുണ്ട്. പക്ഷെ പരീക്ഷിക്കപ്പെടുന്ന വ്യക്തി അതിൽ നിന്നു രക്ഷ പ്രാപിക്കുവാൻ ഒരു ശ്രമവും നടത്തുന്നില്ലെങ്കിൽ കർത്താവിനു ആ വ്യക്തിയെ രക്ഷിക്കാൻ തോന്നുകയില്ല.

സാത്താൻ നമ്മെ തോല്പിക്കരുത് അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ എന്നു അപ്പൊസ്തലനായ പൗലോസ് നമ്മെ ഓർപ്പിക്കുന്നു (2 കൊരിന്ത്യർ 2:11). ലോകത്തിൽ മുഴുവനും പരിശോധിച്ചാൽ ബഹു ഭൂരിപക്ഷം ആളുകളിലും അവൻ പരീക്ഷണം നടത്തി മുന്നേറിവരികയാണ്. അതുകൊണ്ട് ക്രിസ്ത്യാനികളെയും അവൻ പരീക്ഷണവുമായി നേരിടും. പക്ഷെ അവൻ എങ്ങനെ പ്രവർത്തിക്കുന്നു എന്നും അവന്റെ തന്ത്രങ്ങൾ എന്തെല്ലാമാണെന്നും നാം അറിഞ്ഞിരുന്നാൽ, ആ വഞ്ചനയിൽ നിന്നും, ദുരുപായത്തിൽ നിന്നും, നാശത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ എന്താണ് ചെയ്യേണ്ടതെന്നു കർത്താവ് പഠിപ്പിച്ചിട്ടുള്ളതു മനസിലാക്കി പ്രവർത്തിച്ചാൽ നമുക്കു രക്ഷയുണ്ട്. നമ്മെ കീഴ്പ്പെടുത്തുന്നതിനു മുൻപ് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചാൽ അവനു നമ്മിൽ കടന്നാക്രമണം നടത്താൻ കഴിയുകയില്ല. ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നുണ്ടെങ്കിൽ പിശാചിനു അടുക്കാൻ പററുകയില്ല.

നമ്മെ കീഴ്പ്പെടുത്തുവാൻ അവൻ ഉപയോഗിക്കുന്ന തന്ത്രങ്ങൾ ചിലത് എന്താണ് എന്നു പരിശോധിക്കാം. നമുക്കു മുൻപിൽ അവൻ, മോശമായ മാതൃകകളും സ്വാധീനങ്ങളും ചെലുത്തും; അതു തുടർന്നുകൊണ്ടേ

യിരിക്കും. അവരിൽ ചിലർ നമ്മുടെ ഏററവും അടുത്ത കുടുംബാംഗങ്ങളോ, സ്നേഹിതൻമാരോ ആകാം. പുറത്തു ലോകത്തിൽ ഉള്ളവരുടെ കാര്യം പിന്നെ എടുത്തു പറയേണ്ടതില്ലല്ലോ. മോശമായ സ്വഭാവങ്ങൾ വളരെ എളുപ്പത്തിൽ പൊക്കി എടുക്കാവുന്നതാണ്. ലോകത്തിൽ നമ്മെ ആകർഷിക്കയും വശീകരിക്കയും ചെയ്യുന്ന കാര്യങ്ങളെ ജഡത്തിന്റെ പ്രവർത്തികൾ, ദ്രവ്യാഗ്രഹം, അഹങ്കാരം, ദുരുപദേശം, നിരുപദ്രവകാരി എന്നു തോന്നിപ്പിക്കുന്ന ഉപേക്ഷ എന്നിവയെ ഒന്നും നമുക്കു ഇതിൽ നിന്നു വേർപെടുത്താനാവില്ല. ദൈവത്തെക്കാളുപരി നിഷ്ക്കളങ്ക കാര്യങ്ങളാണ് വലുതെന്ന തോന്നൽ പോലും നഷ്ടപ്പെടുത്തുന്ന സാത്താന്റെ ആയുധങ്ങളിൽ ഒന്നായി മാറുന്നു. നമ്മളും അറിയാതെ നമ്മെ വീഴ്ത്തുന്ന ഇത്തരം ഘട്ടങ്ങളെ നാം തിരിച്ചറിയണം. അല്ലെങ്കിൽ നാം അവനു ഇരയായി തീരും.

നമ്മെ വിഴുങ്ങേണ്ടതിനും തെററിക്കുന്നതിനും സാത്താൻ ഉപയോഗിക്കുന്ന ഉപായങ്ങൾ അവസാനിക്കാത്തതത്രെ. "എല്ലാവരും ചെയ്യുന്നുണ്ടല്ലോ", "ഇനിയും സമയമുണ്ടല്ലോ", "ജീവിതം ആസ്വദിക്കാനുള്ളതാണ് അതുകൊണ്ട് ഇങ്ങനെ ചെയ്യുന്നു", "ലോകത്തിൽ ജീവിക്കുന്ന നാം അതു ആസ്വദിക്കേണ്ടവരാണ്" ഇങ്ങനെയുള്ള വാദഗതികൾ നിരത്തി ആളുകളുടെ മനസ്സിനെ അന്ധമാക്കി നിർത്തിയിരിക്കയാണ് പിശാച്. ഇതിൽ നിന്നു മോചനം നേടാനുള്ള മാർഗ്ഗം ദൈവം ഒരുക്കിയിട്ടുണ്ട്. ആദ്യം നാം അവൻ ആരാണെന്നു അറിയണം. പിന്നീട് അവൻ ഏതെല്ലാം രീതികളിൽ നമ്മെ ആക്രമിക്കും എന്നു മനസ്സിലാക്കിയിരിക്കണം. എങ്കിൽ മാത്രമെ യഥാർത്ഥ ക്രിസ്തീയ ജീവിതം നിലനിർത്തുവാനും ശക്തിയോടെ നേരിടുവാനും കഴിയൂ.

നാം ഓർമ്മിക്കേണ്ട മറ്റൊരു കാര്യം, സാത്താനെക്കാൾ ദൈവം ശക്തനാണെന്നും അവൻ നമ്മെ സ്നേഹിക്കുന്നു എന്നും ആണ്. തന്നെയുമല്ല അവൻെറ വാഗ്ദാനങ്ങളിൽ നമുക്കു വിശ്വസിക്കാം. അവൻ നമ്മോടുകൂടെ ഇരുന്നു. ഏതു പരീക്ഷണ ഘട്ടത്തിലും സഹായിക്കാമെന്നു പറഞ്ഞിട്ടുള്ളതു നാം മറക്കരുത്. തൻെറ മക്കളുടെ അപേക്ഷ അവൻ ചെവി തുറന്നു കേൾക്കും. നമ്മെ വീണ്ടും ഉറപ്പിക്കുന്നതിനു അവൻെറ വചനം നല്കിയിട്ടുണ്ടല്ലൊ. നമ്മെ പ്രോൽസാഹിപ്പിച്ച് ബലപ്പെടുത്തുന്നതിനു നമ്മെ സ്നേഹിക്കുന്ന സഹോദരങ്ങളെ ഉണ്ട്. അതോടൊപ്പം ഈ ലോകത്തിൽ, ദൈവത്തിൻെറ സർവ്വ അനുഗ്രഹങ്ങളും വരുവാനുള്ള ലോകത്തിൽ നിത്യജീവനും ദൈവം തരുമെന്ന ഉറപ്പ് നാം മറന്നുകളയരുത്.

ഈ ലോകവും അതിലുള്ളതെല്ലാം ഒഴിഞ്ഞു പോകും എന്നു സത്യവേദ പുസ്തകം വെളിപ്പെടുത്തിയിരിക്കുന്നു. പാപത്തിൻെറ ശമ്പളം മരണമത്രെ എന്നും അതു വ്യക്തമാക്കുന്നു. സാത്താന് നല്കാൻ കഴിയുന്നതും ദൈവത്തിനു നല്കാൻ കഴിയുന്നതും തമ്മിൽ താരതമ്യം ചെയ്യുവാൻ പോലും സാദ്ധ്യമല്ല. നാം സൂക്ഷ്മബുദ്ധിയുള്ളവരാണെങ്കിൽ കർത്താവിനെ തിരഞ്ഞെടുക്കും. കർത്താവിൻെറ വഴിയിൽ സഞ്ചരിക്കും. അവനെ മാത്രം അനുസരിച്ച് സേവിക്കും.

★

# വീട്ടിലേക്കു തിരിച്ചു വരിക

**ഡോൺ വില്യംസ്**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

തുടർന്നുള്ള ഭവനങ്ങളിൽ ദൈവമോ കർത്താവോ കാണുകയില്ല എന്ന് ഓർമ്മിക്കുക. തീരുമാനം നിങ്ങളുടേതാണ്. അവസരം ഇപ്പോൾ ലഭ്യവുമാണ്. എങ്ങനെ എന്നു പരിശോധിക്കാം.

പ്രിയ സ്നേഹിതാ, നിങ്ങൾ ഇനിയും യേശുക്രിസ്തുവിന്റെ ശിഷ്യനായി തീർന്നിട്ടില്ലെങ്കിൽ നിങ്ങളുടെ അവസ്ഥ ശോചനീയമത്രെ. നിങ്ങൾ നഷ്ടപ്പെട്ട വ്യക്തിയാണ്. അതുകൊണ്ടു സമയവും അവസരവും ഉള്ളപ്പോൾ യേശുവിന്റെ അടുക്കൽ വരു; അവന്റെ വചനങ്ങൾ വിശ്വസിക്കു; പാപങ്ങളിൽ നിന്നും വിട്ടുതിരിഞ്ഞു മാനസാന്തരപ്പെടുക. യേശു ദൈവപുത്രനാണെന്ന വിശ്വാസം നിങ്ങൾ ഏറ്റുപറയുകയും പാപമോചനത്തിനായി സ്നാനമേല്ക്കയും ചെയ്യുക. അപ്പോൾ പിതാവായ ദൈവം നിങ്ങളെ അവന്റെ ഭവനത്തിലേക്കു ചേർക്കും. രക്ഷയും ഭദ്രതയും സ്നേഹവും ലഭിക്കുന്നതു ദൈവ ഭവനമാകുന്ന അവന്റെ സഭയിൽ മാത്രമാണ്. പുറത്തു മരിച്ച രീതിയാണെങ്കിൽ അകത്തു പ്രവേശിക്കുന്നവർക്കു നിത്യജീവനു ഓഹരിക്കാരായി മാറാൻ കഴിയും. ഈ ക്ഷണം നിങ്ങൾ തിരസ്ക്കരിക്കയില്ല എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

★

സ്ത്രീകൾക്കു വേണ്ടി

# തീരുമാനം

ബെററി. ബി. സി.

ജീവിതത്തിൽ നാം പലപ്പോഴും തീരുമാനങ്ങൾ എടുക്കുന്നവരാണ്. എടുക്കുന്ന തീരുമാനങ്ങൾ ഏതു തന്നെയായാലും നാം അവയിൽ ഉറച്ചു നില്ക്കുന്നവരാണോ? ഉത്തരവാദിത്വം നമ്മിൽ തന്നെയാണ്. ഭൗതികവും ആത്മികവുമായ കാര്യങ്ങളിൽ എല്ലാം ഇതു വാസ്തവമാണ്. എടുക്കുന്ന തീരുമാനമനുസരിച്ചു പ്രവർത്തിക്കുന്നു. അതിൻെറ ഫലം ഗുണമായാലും ദോഷമായാലും നാം അനുഭവിക്കുന്നു. ഈ സമയത്തു പഴയ നിയമ പ്രവാചകൻെറ കാലയളവിൽ ഒരു ഉറച്ച തീരുമാനം എടുക്കുന്നുണ്ട്. നമുക്കതു വായിക്കാം. ''യഹോവയെ സേവിക്കുന്നതു നന്നല്ലെന്നു നിങ്ങൾക്കു തോന്നുന്നുവെങ്കിൽ നദിക്കക്കരെ വെച്ചു നിങ്ങളുടെ പിതാക്കന്മാർ സേവിച്ച ദേവന്മാരെയോ നിങ്ങൾ പാർത്തു വരുന്ന ദേശത്തിലെ അമോര്യരുടെ ദേവന്മാരെയോ ആരെ സേവിക്കും എന്നു ഇന്നു തിരഞ്ഞെടുത്തുകൊൾവിൻ. ഞാനും എൻെറ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും'' (യോശുവ 24:15).

ഞായറാഴ്ച്ച അതികാലത്ത് മേരി വീട്ടിലുള്ളവർക്ക് കഴിക്കാൻ പ്രാതൽ ഭക്ഷണം തയ്യാറാക്കികൊണ്ടിരിക്കുകയായിരുന്നു. പീററർ, കുട്ടികളെ വിളിച്ചുണർത്തുന്നതു അവൾ കേട്ടു. നോക്കു നിങ്ങളുടെ അമ്മ നിങ്ങൾക്കു ഭക്ഷണം ഉണ്ടാക്കി കഴിയാറായി, എല്ലാവരും തയ്യാറാവു. എല്ലാവരും ഉണർന്നു പ്രഭാത കൃത്യങ്ങൾ എല്ലാം നിർവ്വഹിച്ചു ഒരുമിച്ച് ഭക്ഷണത്തിനായി മേശക്കു ചുററും ഇരുന്നു. ആഹാരം തന്ന ദൈവത്തിനു നന്ദി പറയുവാൻ ഡാഡി, ആൻറണിയോടു പറഞ്ഞു. പ്രാർത്ഥനക്കു

ശേഷം അവർ എല്ലാവരും ഭക്ഷിപ്പാൻ തുടങ്ങി. അതിനിടെ പപ്പാ ആന്റണിയോടു: മോനേ നീ ഇന്നലെ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു? അവ മററു ദിവസങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളേക്കാൾ വിലപ്പെട്ടതായിരുന്നോ എന്നു ചോദിച്ചു. അവൻ ഓർമ്മിച്ചു നോക്കിയിട്ടു പറഞ്ഞു: പ്രധാനപ്പെട്ട ഒരു തീരുമാനമേ ഞാൻ ഇന്നലെ എടുത്തുള്ളൂ. അതു ക്രിസ്ത്യാനിയായി തീരും എന്നായിരുന്നു എന്നു പറഞ്ഞു.

മകനെ സ്നേഹപൂർവ്വം തലോടിക്കൊണ്ട് അപ്പൻ അവനോട്: നീ പറഞ്ഞത് സത്യമാണ്. നീ എടുത്ത തീരുമാനം സുപ്രധാനമാണ്. നോക്കു ഇന്നു കർത്തൃദിവസമാണ്. ദൈവത്തെ ആരാധിക്കേണ്ട ദിവസമാണ്. സുവിശേഷം അനുസരിക്കാൻ തീരുമാനം എടുത്ത നീ എല്ലാ ആഴ്ച്ചയിലും ദൈവത്തെ അവന്റെ ഇഷ്ടപ്രകാരം ആരാധിക്കണം. ദൈവത്തെ ഒരിക്കൽ മാത്രമല്ല എല്ലായ്പ്പോഴും അനുസരിക്കണം. ഞായറാഴ്ച്ച രാവിലെ നേരത്തെ ഉണർവുവാനും തയ്യാറായി ആരാധനയിൽ തുല്യമായി പങ്കെടുക്കുവാനും നിനക്കു ബാദ്ധ്യതയുണ്ട്. അതല്ലാതെ വൈകി കിടന്നു, വൈകി ഉണർന്നു വീട്ടിലിരുന്നു ടി.വി. കാണുകയോ, ക്രിക്കററു കളിക്കുകയോ ചെയ്യാൻ ഒരുങ്ങരുത്. അതുമല്ലെങ്കിൽ പരീക്ഷക്കു ഒരു പാട് പഠിക്കാനുണ്ട് എന്ന കാരണത്താലോ മററു ഒഴിവുകഴിവുകൾ കാരണമായോ ആരാധന മുടക്കരുത്. രോഗം വന്നു തീരെ കിടപ്പിലാകുന്ന അവസരം ഒഴിച്ച് സഭായോഗം ഒരിക്കലും മുടക്കരുത്. നീ എടുത്ത തീരുമാനം നിന്റെ ആയുഷ്ക്കാലം ഒക്കെയും നീ മുറുകെ പിടിക്കണം.

അവന്റെ അമ്മ അവൻ എടുത്ത മറെറാരു തീരുമാനത്തെ ഓർമ്മിപ്പിച്ചു. ആഴ്ച്ചയിൽ നീ ശേഖരിച്ചു വച്ച പണത്തിന്റെ ഒരംശം ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മ ശേഖര സമയത്തു നല്കുവാൻ മറക്കരുത്. അതു

സഭയുടെ ഓരോ പ്രവർത്തനങ്ങൾക്കും സഹായകരമാവും സുവിശേഷ പ്രവർത്തനങ്ങൾക്കും. സാധു സംരക്ഷണപ്രവർത്തനങ്ങൾക്കും അതു ഉതകും. നിന്റെ ജീവിതത്തിൽ ശേഷിച്ച കാലയളവെല്ലാം ഈ ധർമ്മം കൊടുക്കൽ നിർവ്വഹിക്കേണ്ടതാണ്. അതു ചെയ്യാതിരുന്നാൽ ദൈവമുൻപാകെ തെറ്റുകാരനാകും. അവൻ പഠിച്ചതായ യേശുവിന്റെ കല്പനകൾ എല്ലാം പ്രമാണിപ്പാൻ അവൻ ബാദ്ധ്യസ്ഥനാണ് എന്നു മമ്മി ഉത്തേജിപ്പിച്ചു. മലപ്രസംഗത്തിൽ യേശു ക്രിസ്തു ഉൾപ്പെടുത്തിയ സാരോപദേശങ്ങൾ എല്ലാം അനുസരിക്കേണ്ടതാണ്. ശത്രുവിനെ സ്നേഹിക്കുക, അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക, ഒരു മൈൽ നടക്കാൻ ആവശ്യപ്പെട്ടാൽ രണ്ടു മൈൽ നടക്കുക എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു.

ബൈബിൾ വായിച്ച് പഠിക്കുവാനും ആൻറണി തീർച്ചയാക്കി. കാരണം ബൈബിൾ വായിക്കാതെ കർത്താവ് അരുളിച്ചെയ്തതെല്ലാം അറിയാൻ കഴിയുന്നതല്ലല്ലോ. ദൈവത്തിന്റെ ഉപദേശമാണ് എല്ലാവർക്കും അനിവാര്യമായതു. മാനുഷിക ഉപദേശങ്ങൾ ന്യൂനതയുള്ളതും ദൈവം അംഗീകരിക്കാത്തതുമാണ്. സത്യം അറിയുവാൻ മറ്റൊരു വഴിയുമില്ല. ദൈവ വചനം മാത്രമാണ് സത്യമായിട്ടുള്ളത്. ആ സത്യം അറിയാതെ ആർക്കും ആത്മീയ സ്വാതന്ത്ര്യം ലഭ്യമല്ല. അതുകൊണ്ട് ബൈബിൾ പഠനം ഏതൊരു ക്രിസ്ത്യാനിക്കും ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ആഹാരം വളർച്ചക്കും ആരോഗ്യത്തിനും അത്യന്താപേക്ഷിതമെന്നപോലെ ആത്മീക വളർച്ചക്കും ആരോഗ്യത്തിനും ദൈവ വചന പഠനം അത്യാവശ്യമാണ്.

‘‘ഞാൻ എടുത്ത തീരുമാനങ്ങൾ എല്ലാം ശരിയായി നടപ്പിൽ വരുത്തുവാൻ എനിക്കു ദൈവത്തിന്റെ സഹായം ആവശ്യമാണ്. അതുകൊണ്ട് ഞാൻ എപ്പോഴും

പ്രാർത്ഥിക്കും'' ആൻറണി കൂട്ടിച്ചേർത്തു. അതു ശരിയാണ്. ശക്തമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാൻ ദൈവത്തിൻെറ തുണ ഇല്ലാതെ പററുകയില്ല. നമ്മുടെ ബലഹീനതകളിൽ നമ്മെ ബലപ്പെടുത്തുന്നത് ദൈവമാണ്. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത ദൈവമാണ് നമുക്കുള്ളതു. പക്ഷെ അവൻെറ ഇഷ്ടപ്രകാരമായിരിക്കണം എന്നു മാത്രം.

പപ്പാ അവൻെറ അഭിപ്രായത്തോടു യോജിച്ചു കൊണ്ട് പറഞ്ഞു. മററുള്ളവരേക്കാൾ നിൻെറ ജീവിതം പ്രയാസരഹിതമാകുന്നത് എങ്ങനെ എന്നു നിനക്കു തിരിച്ചറിയാം. അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവരെ തളർത്തി കളയുന്നുവെങ്കിൽ നീ അതു അതിജീവിക്കാൻ ദൈവം നിൻെറ പക്ഷത്തുള്ളതു കൊണ്ട് നിസാരമായി നീങ്ങുന്നു. ദൈനന്തിന ജീവിതത്തിലെ ഏതൊരു ഘട്ടവും നേരിടാൻ തയ്യാറാകണം. ചില ആളുകൾ ആഴ്ച്ച വട്ടത്തിൻെറ ഒന്നാം നാളിൽ ആരാധനക്കു പോകണോ പോകണ്ടയോ എന്ന ചിന്തയിലാണ്. അപ്പോഴായിരിക്കും അവരെ മഥിക്കുന്ന ചില കാര്യങ്ങൾ ചെയ്യേണ്ടതായി ഓർമ്മയിൽ വരുന്നതു. അപ്പോൾ അതിനായി പോകും. വേറെ ചിലർ ആ സമയത്തു വിനോദപ്രദമായ കാര്യങ്ങളിൽ ഏർപ്പെടുവാൻ താല്പര്യപ്പെടുന്നു. സ്വന്തം മനസിൽ തീരുമാനിച്ച് ഉറപ്പിച്ചതനുസരിച്ചാണ് അവർ പ്രവർത്തിക്കുന്നതു. പക്ഷെ ഇവിടെ സാത്താനാണ് ജയിക്കുന്നതു. മനസാക്ഷിയെ മലിനപ്പെടുത്തുന്ന ജഡിക പോരാട്ടത്തിൻെറ അന്ത്യത്തെ നാം മുൻപേ അറിഞ്ഞിരിക്കണം. എന്തുകൊണ്ടാണ് ഇവരുടെ മനസാക്ഷി അവരെ കുററപ്പെടുത്തുന്നത്? അവർ ചെയ്യുന്നതു അപരാധമാണെന്ന് അവർക്ക് അറിയാം.

★

(ശേഷം അടുത്ത ലക്കത്തിൽ)

# കർത്താവേ നീ എന്റെ ഹൃദയത്തിലേക്കു വരേണമേ

ബേസ്ൽ ഓവർടൺ

ക്രിസ്തു ഹൃദയത്തിൽ വന്നു വസിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ള മറ്റൊന്ന് എനിക്കു ചിന്തിക്കാൻ കഴിയുന്നില്ല. പുതിയ നിയമ പുസ്തകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന സത്യം ഗ്രഹിക്കുന്നതിനേക്കാൾ വലിയ അറിവ് മറ്റൊന്നുമില്ല. ദൈവേഷ്ടമാണ് അതിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്നതു. പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വസിപ്പാൻ ദൈവം നല്കും. ക്രിസ്തു നമ്മുടെ ഉള്ളിൽ വന്നു വസിപ്പാൻ ആഗ്രഹിക്കുന്നു. പക്ഷെ ഓരോരുത്തരും അവരവരുടെ ഹൃദയകവാടം യേശുവിന്നായി തുറക്കണം. അടച്ചു വെച്ച ഹൃദയങ്ങളെ ഭേദിച്ച് യേശു അവയിൽ വസിക്കയില്ല. നമ്മുടെ വ്യക്തിപരമായ ജീവിതത്തെ പരിശോധിക്കയും കുറവുള്ള നിബന്ധനകൾ പാലിക്കുകയും വേണം. ധാരാളം സന്ദേശങ്ങൾ ലോകത്തിൽ ലഭ്യമാണ്. പക്ഷെ കലർപ്പില്ലാത്ത ദൈവ ദൂത് അറിയിക്കുന്നവർ വിരളമാണ്.

## മാധ്യമ സുവിശേഷകർ

റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിൽ കൂടെ സുവിശേഷം പ്രചരിപ്പിക്കുന്ന ആളുകൾ ധാരാളം ഉണ്ട്. അവർ സുവിശേഷം അറിയിക്കുന്നതു നഷ്ടപ്പെട്ടു പോയ ആളുകളോടാണല്ലോ. പ്രസംഗ മദ്ധ്യേയോ പ്രസംഗ ശേഷമോ ആളുകളെക്കൊണ്ട് പറയിപ്പിക്കുന്നതായ പ്രാർത്ഥനാ രീതി ഇപ്രകാരമാണ്. കർത്താവേ, ഇപ്പോൾ ഞാൻ ഒരു പാപിയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. എന്റെ പാപങ്ങൾക്കു വേണ്ടിയാണ് നീ കാൽവരി ക്രൂശിൽ മരിച്ചതെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ എല്ലാ

പാപങ്ങളിൽ നിന്നും ഞാൻ മാനസാന്തരപ്പെടുന്നു. ദൈവമേ എന്നോടു ക്ഷമിക്കേണമേ. ദൈവമേ എന്റെ പാപങ്ങൾ ക്ഷമിച്ച് നീ എന്റെ ഹൃദയത്തിൽ വന്നു വസിക്കേണമേ. ചിലപ്പോൾ ഇതു ആവർത്തിക്കാറുമുണ്ട്. യേശുക്രിസ്തു അവരുടെ ഹൃദയത്തിൽ വസിക്കേണം എന്നതാണ് ഉദ്ദേശം.

പിന്നീട് ഈ സുവിശേഷകർ ഇങ്ങനെ പ്രാർത്ഥിച്ചവരോട് പറയാറുള്ളത് ഇപ്പോൾ നിങ്ങളുടെ പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. അങ്ങനെ ദൈവം നിങ്ങളെ രക്ഷിക്കയും ചെയ്തു. തന്നെയല്ല യേശുക്രിസ്തു ഇന്നു മുതൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്നതാണ് എന്നുമത്രെ. വേറൊരു കൂട്ടം പ്രാസംഗികർ പ്രസംഗ മദ്ധ്യേ ജനങ്ങളോടു ചോദിക്കും, നിങ്ങൾ കർത്താവായ യേശുവിൽ വിശ്വസിക്കുന്നുവോ? യേശുക്രിസ്തുവിനെ നിങ്ങളുടെ ഹൃദയ രക്ഷകനായി സ്വീകരിക്കുന്നുവോ എന്ന്. സദസിൽ നിന്നു ആളുകൾ കൈകൾ ഉയർത്തും. അപ്പോൾ സുവിശേഷകർ പറയുന്നതു! ഓ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നത്രെ. ഇതു കേൾക്കുമ്പോൾ വാസ്തവത്തിൽ എന്റെ ഹൃദയം ഖേദംകൊണ്ട് നീറുകയാണ്. ആത്മാക്കളോടുള്ള സ്നേഹം നിമിത്തം ഞാൻ അപേക്ഷിക്കുന്നതു എന്തെന്നാൽ നിങ്ങൾ ഈ വഞ്ചനയിൽ കുടുങ്ങരുത്. ദൈവം ഒരിക്കലും തന്റെ അരുളപ്പാടുകളിൽ ഇങ്ങനെ ചെയ്യാൻ പറഞ്ഞിട്ടില്ല. ഇങ്ങനെ രക്ഷ കിട്ടുന്നതുമല്ല എന്നു നിങ്ങൾ അറിഞ്ഞിരിക്കണം. പാപങ്ങൾ ദൈവം ക്ഷമിക്കുന്നതു ഇങ്ങനെയല്ല, രക്ഷ പ്രാപിക്കുന്നതു ഇങ്ങനെയല്ല, ക്രിസ്തു മനുഷ്യരുടെ ഹൃദയങ്ങളിൽ വസിക്കുന്നതും ഇങ്ങനെയല്ല. നിങ്ങൾ കേൾക്കുന്ന ഉപദേശം ബൈബിളിൽ ഉണ്ടോ എന്നു ദയവു ചെയ്തു പരിശോധിക്കണം. ഈ രീതിയിൽ പ്രസംഗിക്കുന്നവരും ഇതെല്ലാം വിശ്വസിക്കുന്നവരും ആത്മാർത്ഥതയോടെയായിരിക്കാം ചെയ്യുന്നതു. പക്ഷെ അതുകൊണ്ട് യാതൊരു ഫലവും കിട്ടുന്നില്ല എന്നോർക്കണം.

## തോന്നലും വിശ്വാസവും

വിശ്വാസത്തിൽ നിന്നാണല്ലോ ഒരാൾക്കു തോന്നലുകൾ ഉരുത്തിരിയുന്നതു. ഒരാളുടെ ഹൃദയത്തിൽ ഉണ്ടാകുന്ന തോന്നലുകൾ തെറ്റോ ശരിയോ വിശ്വസിച്ചതിന്റെ ഫലമാകാം. സത്യം ഒരാൾ വിശ്വസിക്കുന്നു എന്നു വരികിൽ ആ വ്യക്തിക്കുണ്ടാകുന്ന തോന്നൽ ആയിരിക്കയില്ല മറ്റൊരാൾക്ക് ഉണ്ടാകുന്നതു. ഒരാൾ വിശ്വസിച്ചാലും ഇല്ലെങ്കിലും സത്യം സത്യമായി നിലനില്ക്കും. വേറൊരു രീതിയിൽ പറഞ്ഞാൽ സത്യം എപ്പോഴും സത്യമായിരിക്കും. മനുഷ്യരുടെ വികാര വിചാരങ്ങൾ അവരുടെ തോന്നലുകൾ അനുസരിച്ചുള്ളതാണ്. സത്യം സത്യമായതു കൊണ്ട് അതിനു മറ്റൊന്നിന്റേയും ഊന്നൽ ആവശ്യമില്ല. ആളുകളുടെ പ്രതികരണം എന്തു തന്നെയായാലും സത്യത്തെ അതിന്റെ ഉദ്ദേശത്തിൽ നിന്നു മാററുവാൻ മനുഷ്യർക്കു കഴിയുകയില്ല.

ഇനി വിശ്വാസത്തിന്റെ കാര്യം എടുക്കാം. വിശ്വാസത്തെ ആശ്രയമായി കണക്കിലെടുക്കാം. തെററായ വ്യക്തികളിലും വസ്തുതകളിലും വിശ്വാസം അർപ്പിക്കുന്നവരുണ്ട്. ശരിയാണെന്ന് അവർക്കു തോന്നുന്നതുകൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നതു. ശരിയായ വ്യക്തിയിലും വസ്തുക്കളിലും വിശ്വാസം അർപ്പിക്കുമ്പോൾ ഉണ്ടാകുന്ന തോന്നലും മുമ്പേ സൂചിപ്പിച്ച തോന്നലും ഒരേ രീതിയിൽ തന്നെയാണ്. പക്ഷെ ഫലം വ്യത്യസ്തമായിരിക്കും ദൈവത്തിൽ ആശ്രയിക്കുന്നവർക്ക പ്രതിഫലം കിട്ടും. ദൈവത്തിന്റെ സത്യ വചനത്തിൽ ആശ്രയിക്കുന്നവർക്കും അതിന്റെ ഗുണകരമായ ഫലം പ്രതീക്ഷിക്കാം. തോന്നലും വിശ്വാസവും തമ്മിൽ തെററിദ്ധരിക്കുവാനിടയാകരുത്. രണ്ടും രണ്ടാണ് എന്നു നാം അറിഞ്ഞിരിക്കണം.

# പ്രാർത്ഥിച്ച ചിലർ

ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ എന്നു പ്രാർത്ഥിച്ച ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടു വീട്ടിലേക്കു പോയതായി യേശുക്രിസ്തു പറയുകയുണ്ടായി (ലൂക്കൊസ് 18.13, 14). മോശെയുടെ ന്യായപ്രമാണ കാലഘട്ടത്തിൽ ജീവിച്ച ഒരു ദൈവ പൈതലായിരുന്നു ചുങ്കക്കാരൻ. യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണത്തോടുകൂടി ആ നിയമം നീങ്ങപ്പെട്ടു (എഫെസ്യർ 2; കൊലൊസ്യർ 2; യോഹന്നാൻ 1:17). അതുകൊണ്ട് ദൈവ മകനായി തീരുവാൻ, അല്ലെങ്കിൽ ക്രിസ്ത്യാനിയായി തീരുവാൻ ഈ മാതൃക നമുക്കു സ്വീകാര്യമല്ല. ഇന്നു പുതിയ നിയമമാണ് പ്രാബല്യത്തിൽ ഇരിക്കുന്നത്. വിശ്വാസത്താലുള്ള നീതീകരണം നമുക്ക് ഉണ്ട്. ക്രിസ്തുവിലുള്ള വിശ്വാസവും അനുസരണവുമാണ് ഇന്നൂ എല്ലാ മനൂഷ്യർക്കും ആവശ്യം.

ദമസ്ക്കോസിലേക്കുള്ള മാർഗ്ഗമധ്യേ തർസൊസുകാരനായ ശൗൽ, യേശുവിന്റെ ദർശനത്തിനു ശേഷം പ്രാർത്ഥിക്കുന്നുണ്ട് (പ്രവൃത്തി 9:10-16). അവന്റെ പ്രാർത്ഥന കൊണ്ട് അവന്റെ പാപങ്ങൾ മോചിച്ചുകൊടുക്കയോ അവൻ രക്ഷ പ്രാപിക്കയോ ചെയ്തില്ല എന്നു നാം കാണുന്നു. അനന്യാസ് എന്ന സുവിശേഷകൻ ശൗലിനോട് എഴുന്നേററു പ്രാർത്ഥിച്ചു സ്നാനമേററ് നിന്റെ പാപങ്ങൾ കഴുകി കളക എന്നു പറയുന്നുണ്ട് (പ്രവൃത്തി 22:16). അങ്ങനെ അവൻ രക്ഷക്കു വേണ്ടി ദൈവ കല്പന അനുസരിക്കയാണ് ചെയ്തത്. ആത്മാവിന്റെ രക്ഷക്കു വേണ്ടി മനുഷ്യർ എന്തു ചെയ്യണമെന്നു ദൈവം കല്പിച്ചിരിക്കുന്നു. ഇതു മനസിലാക്കാതെ മനുഷ്യരെ തെററിക്കുന്ന അനേകം ഉപദേശങ്ങൾ ഇന്നു ലോകത്തിൽ സുലഭമായിട്ടുണ്ട്.

(ശേഷം അടുത്ത ലക്കത്തിൽ)

★

# മാവു കൊണ്ടു മാത്രമുള്ള ഒരു കേക്ക്

## എഡ്ഡി ജിൽപിൻ

കഴിഞ്ഞ കാലഘട്ടങ്ങളിലെ അന്ധവിശ്വാസങ്ങളുടെ സമ്മിശ്ര സ്മാരകാവശിഷ്ടമാണ് ബൈബിൾ എന്ന ചിന്താഗതി ചിലരിൽ ഉണ്ട്. തിരുവെഴുത്തിലെ ഏതാനും ഭാഗങ്ങൾ അവർക്കു മനസിലാക്കാൻ പററാത്തതുകൊണ്ടോ, മനസിലാക്കാൻ ശ്രമിക്കാത്തതുകൊണ്ടോ കണ്ണടച്ച് ഒരു തീർപ്പു കല്പിക്കുകയാണ് ഇങ്ങനെ. ഗ്രഹിക്കണമെന്ന ആഗ്രഹത്തോടെ വായിച്ച് മനസിലാക്കാതെ അഭിപ്രായം പറയുന്നവരെ കുറിച്ച് എന്തു പറയാനാണ്? മനുഷ്യനു വേണ്ടി വെളിപ്പെടുത്തിയിട്ടുള്ള ദൈവേഷ്ടമാണ് ബൈബിൾ. അതിനെ മനുഷ്യർ ബഹുമാനിക്കണമെങ്കിലും അതു ഒരു ആരാധ്യ വസ്തുവായി കണക്കാക്കരുത്. മനുഷ്യർ വിചാരിക്കുന്നതു പോലെ നിഗൂഢമായ് ഒന്നുമില്ല അതിൽ: ദൈവത്തിന്നു തന്റെ മക്കളോടുള്ള കരുണാധിക്യത്താൽ നല്കിയിട്ടുള്ളതാണിത്. അക്കാരണത്താൽ മനുഷ്യർ ഇതു മനസിലാക്കത്തക്ക രീതിയിലാണ് തന്നിരിക്കുന്നതു; മനസിലാക്കാൻ കഴിയുന്നതുമാണ്. എല്ലാവരും ഒന്നുപോലെ മനസിലാക്കണമെന്നാണ് ദൈവത്തിന്റെ ഇച്ഛ: അല്ലെങ്കിൽ തെററിദ്ധരിക്കപ്പെടും.

മററു സാഹിത്യ കൃതികളെ പോലെ ബൈബിളിനെ കൈകാര്യം ചെയ്യുന്നവരുണ്ട്. ചരിത്രപരമായ സംഭവങ്ങളുടെ വിശദീകരണം വായിക്കുമ്പോൾ നാം ആ പശ്ചാത്തലം കൂടെ അറിഞ്ഞിരിക്കണം. മനുഷ്യരുടെ ശ്രദ്ധ പിടിച്ചു പററുന്ന വാർത്തകൾ പോലെ, പ്രാധാന്യമുള്ള സംഭവങ്ങളും അതിന്റെ അനന്തര ഫലങ്ങളും വ്യക്തമാക്കുന്നുണ്ട്. വേദ പുസ്തകത്തിൽ ഒരു സാങ്കേതിക

സിദ്ധാന്തം വിശദമാക്കുന്ന പാഠം പോലെ ഓരോ വ്യക്തിയുടേയും പ്രവർത്തനത്തെ പരിശോധിച്ച് കുറവുകൾ കണ്ടെത്താൻ സഹായിക്കുന്ന ഒന്നാണ് തിരുവചനം. ജീവിതത്തെ ആസ്വാദ്യമാക്കുന്നതെന്ത്? കൈപ്പേറിയതാക്കി മാററുന്നതെന്ത്? ഇവയെല്ലാം തരം തിരിച്ച് മനസിലാക്കണമെങ്കിൽ ഈ ഏക പുസ്തകമേ ഉപകരിക്കയുള്ളു. വാഹനം ഓടിക്കുന്നവർ സൈഡിൽ കാണിച്ചിരിക്കുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിച്ചില്ലെങ്കിൽ അപകടം തീർച്ചയാണല്ലോ. അതുപോലെയാണ് ബൈബിളിലെ മുന്നറിയിപ്പുകൾ ശ്രദ്ധിക്കാതെ ജീവിച്ചാൽ. എന്തടിസ്ഥാനത്തിന്മേലാണ് പ്രതിപാദിക്കുന്ന സന്ദർഭം എന്നു തിരിച്ചറിയണം. "നിന്റെ വചനത്തിന്റെ സാരം സത്യം ആകുന്നു" (സങ്കീർത്തനങ്ങൾ 119 : 160). ദൈവം പഠിപ്പിക്കുന്ന എല്ലാ വിഷയങ്ങളുടേയും പൂർണ്ണ രൂപം അഥവാ സകലത്തിന്റേയും സാരം സത്യമാണ്. വിശ്വസിക്കാവുന്ന വസ്തുതകളാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നതത്രയും.

ദൈവ വചനത്തിൽ ഒരിടത്തും പരസ്പര വിരുദ്ധമായ പ്രസ്താവനകളില്ല. ദൈവത്തിന്റെ അരുളപ്പാടുകളെല്ലാം പരിശോധിക്കുമ്പോൾ അനുസരിക്കുവാൻ കല്പിച്ചിരിക്കുന്ന കല്പനകൾ രണ്ടോ മൂന്നോ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നതു പരിഗണിക്കാവുന്നതാണ്. സന്ദർഭമേതായാലും ശരി ഓരോന്നും അനുസരിച്ചാൽ അതിൽ സൂചിപ്പിച്ചതായ വാഗ്ദാനമോ വാഗ്ദാനങ്ങളോ സ്വായത്തമാക്കാൻ നമുക്കു കഴിയും. ഒരു ഭക്ഷണ പദാർത്ഥത്തിലെ പോഷകാംശങ്ങൾ മുഴുവൻ കിട്ടണമെങ്കിൽ അതിൽ മായം കലരാതെ പൂർണ്ണമായും ഭക്ഷിക്കേണ്ടിയിരിക്കുന്നു. അതുപോലെയാണ് തിരുവചനവും. ഒരു വാഗ്ദാനം ലഭിക്കുവാനായി ദൈവം പറഞ്ഞിട്ടുള്ള കല്പനകൾ എന്തെല്ലാമുണ്ടോ അതെല്ലാം കണ്ടെത്തി അനുസരിച്ചാൽ ഉറപ്പായും ആ വാഗ്ദാനം കിട്ടി എന്നു പറയാം. അതല്ലാതെ ഒന്നു മാത്രം ചെയ്തു കഴിഞ്ഞാൽ എല്ലാ അനുഗ്രഹങ്ങളും

കിട്ടും എന്നു വിചാരിക്കരുത്. ദൈവം അതിനായി ആവശ്യപ്പെടുന്നതെല്ലാം അനുഷ്ഠിക്കുവാൻ നാം തയ്യാറാകണം. കാരണം വാഗ്ദത്തം ചെയ്തതു ദൈവമാണ്. ആ ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

ഞാൻ മുൻപ് സൂചിപ്പിച്ച ഉദാഹരണം ശ്രദ്ധിച്ചാൽ അതിലെ തത്വം ആത്മീയ കാര്യത്തിലും വാസ്തവമാണെന്നു കാണാം. ഒരു കേക്ക് ഉണ്ടാക്കുന്നതിനു പല വസ്തുക്കൾ ആവശ്യമാണ്. അതുപോലെ രക്ഷക്കും പല കാര്യങ്ങളും നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകണം എന്നു ദൈവം ഇച്ഛിക്കുന്നു. കേക്കുണ്ടാക്കുവാൻ, പാൽ, മുട്ട, മാവ്, വെണ്ണ, പഞ്ചസാര തുടങ്ങി രുചിയും മണവും വരുത്തുന്ന പലതും ശരിയായ അളവിൽ ചേർത്താണ് പാകം ചെയ്യുന്നതും. ചേരേണ്ട ചേരുവകളുടെ ഒരു മിശ്രിതമാണ് പാചകം ചെയ്ത ശേഷം നാം കഴിക്കുന്ന കേക്ക്. അതുപോലെ രക്ഷാ വിഷയത്തിലും ധാരാളം ചേരുവകൾ ഉണ്ട്. വേദപുസ്തകത്തിൽ അവയെല്ലാം വ്യക്തമാക്കിയിരിക്കുന്നു. വിശ്വാസം മൂലം കൃപയാൽ രക്ഷ പ്രാപിക്കുന്നു (എഫെസ്യർ 2:8). പ്രവൃത്തികളാലും (യാക്കോബ് 2:24). കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും (റോമർ 10:13). വിശ്വാസത്താൽ (പ്രവൃത്തി 16:31). അനുസരണത്താൽ (എബ്രായർ 5:8-9). മാനസാന്തരത്താൽ (ലൂക്കൊസ് 13:3; പ്രവൃത്തി 2:38). സ്നാനത്താൽ (മർക്കൊസ് 16:16; 1 പത്രൊസ് 3:21). വിശ്വസ്തതയാൽ (മത്തായി 24:13; വെളിപ്പാട് 2:10). ഇവയിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നും വേർതിരിക്കാവുന്നതല്ല. ആധുനിക ചിന്തയിൽ പോലും കർത്താവിന്റെ രക്ഷാപദ്ധതിയിലെ ചെയ്യേണ്ടതായ കാര്യങ്ങൾക്കു മാറ്റം വരുത്താവുന്നതല്ല.

വിശ്വാസം മാത്രം മതി എന്ന ഉപദേശത്തിൽ സംതൃപ്തരാകുന്ന ധാരാളം ആളുകൾ മത വിഭാഗങ്ങളിൽ കാണാം. രക്ഷയുടെ ശരിയായ ഫലം കിട്ടണമെങ്കിൽ ഒരു പ്രവൃത്തി പൂർത്തിയാക്കുക തന്നെ വേണം. രക്ഷയുടെ ഫലം അന്തിമമായി അനുഭവിക്കാൻ കഴിയണമെങ്കിൽ രക്ഷക്കുള്ള പടികൾ എല്ലാം നാം കയറണം. ഇന്നു നാമധേയ വിഭാഗങ്ങളിൽ ഏതാനും രക്ഷക്കായി വേണ്ട പല കാര്യങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ തിരഞ്ഞെടുക്കും. അവർക്കു തോന്നുന്നവ മാത്രം. ചേരുവകളിൽ ഏതെങ്കിലും ഒന്നു കുറഞ്ഞാൽ ഒരു പദാർത്ഥത്തിൻെറ രുചി പൂർണ്ണമാകയില്ല. അതു കഴിക്കുമ്പോൾ ആ വ്യത്യാസം കാണാൻ കഴിയും. അതുപോലെ രക്ഷയുടെ കാര്യത്തിൽ ഏതെങ്കിലും ഒന്നു കുറഞ്ഞാൽ രക്ഷയുടെ ഫലം പൂർണ്ണമായി അനുഭവിക്കാൻ കഴിയുകയില്ല. അനുസരണമില്ലാതെ വിശ്വാസം ഉണ്ട് എന്നു പറഞ്ഞാൽ ആ വിശ്വാസം കൊണ്ടു എന്താണ് ഫലം? ആത്മാവില്ലാത്ത ശരീരം പോലെയാണ് പ്രവൃത്തിയില്ലാത്ത ശരീരം (യാക്കോബ് 2:14-26).

സ്നാനത്തിൻെറ കാര്യം വരുമ്പോൾ നിഷേധിക്കുന്ന അനവധി പേർ ഉണ്ട്. സ്നാനം രക്ഷക്കു ആവശ്യമില്ല എന്ന ന്യായീകരണമാണ് അവർക്കുള്ളതു. രക്ഷക്കു ശേഷം ഒരു ബാഹ്യമായ അടയാളത്തിനായി സ്നാനമേല്ക്കുന്നവരും ഇല്ലാതില്ല. എന്നാൽ പുതിയ നിയമത്തിൽ യേശുക്രിസ്തുവും അപ്പൊസ്തലന്മാരും പഠിപ്പിച്ചിരിക്കുന്ന രക്ഷാപദ്ധതിയിൽ സ്നാനം രക്ഷക്കുള്ളതാണ് എന്നും അരുളിച്ചെയ്തിരിക്കുന്നു. രക്ഷക്കു മുമ്പായി സ്നാനമേല്ക്കുന്നതായി പുതിയ നിയമത്തിൽ അഞ്ചു വേദ ഭാഗങ്ങളിൽ വിവരിച്ചിരിക്കുന്നു. 1 വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും (മർക്കൊസ് 16:16).

★

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# ജീവിതം

## E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

"കഷ്ടമാത്രം തളം കെട്ടിനില്ക്കുന്ന,
ജീവിത കോലങ്ങളുണ്ടതു പാരിതിൽ.
എന്നിൽ അടങ്ങാത്തനർത്ഥങ്ങളുണ്ടെന്ന്,
കണ്ടാലറിയുമേ സങ്കടം മാമകം.

യെരുശലേം പുത്രിയേ എന്തു ഞാൻ നിന്നോടു-
പമിക്കവേണ്ടു വെന്നോതാൻ കഴിയുമോ.
സീയോനിൻ പുത്രിയേ നിന്നോടു ഞാനങ്ങ്,
ആശ്വാസ വാക്കുകൾ മുൻമൊഴിഞ്ഞിടുമേ.

സാഗരം പോലെ പെരുത്തുള്ള രോഗമേ,
മാററാൻ കഴിയുന്നോരാരുണ്ടു ഭൂമിയിൽ.
കള്ള മുരയ്ക്കുന്ന കള്ള പ്രവാചകൻ,
വ്യാജ മുരയ്ക്കുന്നു നമ്പാതെ സോദരാ.

ജീവിതം കണ്ടാൽ രസിക്കാത്ത കൂട്ടരോ,
ജീവനെ തന്നെ തകർക്കുവാൻ നോക്കുന്നു.
എല്ലാ നുകങ്ങളും തല്ലി തകർക്കുമേ,
പാരിന്റെ മന്നവനെന്നോടിരിക്കുമേ.

ദുഷ്ടൻ തകർക്കുന്ന ജീവിത വഞ്ചിയെ,
മുക്കി കളയാതെ നോക്കുന്ന മന്നവൻ.
എന്നോടിരിക്കെ ഭയമെന്തു ഭൂമിയിൽ,
ഓട്ടം തികയ്ക്കുവാനോടുക വേഗമായ്.

നാളെ പുലർകാലെയെന്തു നടക്കുമെ-,
ന്നാരറിയുന്നുവോ ഈ മരുഭൂമിയിൽ.
സൃഷ്ടികർത്താവങ്ങു നന്നായറിയുമേ,
താങ്ങും തണലും അവൻ തന്നെയാണഹോ.

★

# വളരെ കട്ടിയായി തോന്നാം

## എഡ്ഡി ജിൽപ്പിൻ

പല രീതിയിലും മറ്റെല്ലാ പുസ്തകങ്ങളേയും അപേക്ഷിച്ച് പ്രത്യേകതയുള്ള ഒന്നാണ് ബൈബിൾ. അവയിൽ ഒന്നാണ് അതിലെ ഉപയോഗ രീതി. ഉദാഹരണമായി എടുത്താൽ പുതിയ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന പല വസ്തുതകളുടേയും നിഴലായി പഴയ നിയമത്തിൽ പ്രസ്താവിച്ചിരുന്നു ( എബ്രായർ 8;5, 9;1 17;10:1). പഴയ നിയമത്തിൽ പെസഹകുഞ്ഞാടിനെ അറുക്കുമായിരുന്നു, അതിനെ യേശുക്രിസ്തുവുമായു താരതമ്യം ചെയ്യുമ്പോൾ വാസ്തവത്തിലുള്ള പെസഹ എന്താണെന്ന് വ്യക്തമാകും. ആദ്യത്തേതു രണ്ടാമത്തേതിലും വിരൽ ചൂണ്ടുന്നു എന്നു നമ്മെ പഠിപ്പിക്കുന്നു പുറപ്പാട് 12:43;13:10-യോഹന്നാൻ 19:36). ഈ വാക്യങ്ങൾ വളരെ നന്നായി പരിശോധനക്കു വിധേയമാക്കുമ്പോൾ ധാരാളം പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു. മിസ്രയീം ജനങ്ങളിലേക്കു അയച്ച ഒമ്പതാമത്തെ ബാധയെ കേന്ദ്രീകരിച്ചാണ് ഈ ലേഖനം ഏതാനും കാര്യങ്ങളിൽ വെളിച്ചം വീശുന്നതു.

തന്റെ ജനമായ ഇസ്രായേലിനെ സ്വതന്ത്രയാക്കാൻ ദൈവം ചെയ്യുന്ന അത്ഭുതകരമായ പരിശ്രമത്തെ വെളിപ്പെടുത്തിയിരിക്കുന്ന ഭാഗമാണ് പുറപ്പാട് 7:12. പഴയ നിയമ ചരിത്രരേഖകളിൽ വളരെ താല്പര്യ ജനകമായ സംഭവ വികാസങ്ങളാണ് ഈ ബാധകളിൽ നാം കാണുന്നത്. ഒന്നോ അതിലധികമോ വിഗ്രഹങ്ങളെ ലക്ഷ്യമാക്കിയുള്ളതായിരുന്നു മിസ്രയീമിലെ ഈ ബാധകൾ. ഉദാഹരണമായി മിസ്രയീമ്യർ നൈൽ നദിയേയും അതിന്റെ ദേവനായ ഹാപിയേയും നമസ്ക്കരിച്ചിരുന്നു. അതു കൊണ്ടു ദൈവം ആളുകളേയും നദിയേയും

മറിച്ചു കളയുന്നു. വെള്ളം രക്തമാക്കി മാററി (പുറപ്പാട് 7:14-25). ഇസ്രായേലിനെ അടിമത്വത്തിൽ നിന്നു മോചിക്കുവാൻ നടത്തുന്ന ഈ ബാധകളും അങ്ങനെ അവരുടെ മുഖ്യമായ വിഗ്രഹങ്ങളിൽ ആശ്രയിക്കുന്നത് മൗഢ്യമാണെന്നു കൂടെ ദൈവം വെളിപ്പെടുത്തി കൊടുത്തു. ഇസ്രായേലോ, ഇന്നത്തെ ആധുനിക മനുഷ്യനോ തിരിച്ചറിയാത്ത സത്യമാണ് ഇതു.

ഈ ബാധകളിൽ ഒമ്പതാമത്തേതിൽ കാണുന്ന ശക്തി പ്രാധാന്യം, പ്രകാശം എന്നിവ അതിൻെറ ലക്ഷ്യത്തെ വെളിപ്പെടുത്തുന്നു (പുറപ്പാട് 10:21-29). യഹോവയായ കർത്താവ് മൂന്നു ദിവസത്തേക്കു മിസ്രയീം ദേശം മുഴുവൻ ഇരുട്ടാക്കി ഒരുത്തനെ ഒരുത്തൻ കാണാതവണ്ണം ഇരുട്ടായി തീർന്നു. വളരെ കട്ടിയായിട്ടാണ് ഇരുട്ട് അവർക്ക് അനുഭവപ്പെട്ടതു. എങ്കിലും ഇസ്രായേൽ ജനം താമസിച്ചിരുന്ന ഗോശാനിൽ വെളിച്ചം അനുഭവപ്പെടുകയും ചെയ്തു. വേർതിരിക്കുന്നതും തിരിച്ചറിയാവുന്നതുമായ ഒരു വസ്തുത ഇവിടെ നമുക്കു കാണിച്ചു തരുന്നു. മിസ്രയീമിൽ ഒരു ഭാഗത്തു വിഗ്രഹാരാധികളായ മിസ്രയീമ്യർ ഇരുട്ടിൽ കഴിയുന്നു. മറുകരയിൽ ദൈവ ജനമായ ഇസ്രായേൽ വെളിച്ചത്തിൽ ഇരിക്കുന്നു. ഇരുട്ട് പാപത്തെ സൂചിപ്പിക്കുന്നു. വെളിച്ചമോ പാപരഹിതമായ ജീവിതത്തെ സൂചിപ്പിക്കുന്നു. വിഗ്രഹങ്ങളെ സേവിക്കുന്നവർഇരുട്ടിൽ തപ്പി നടക്കുകയാണ്. യഥാർത്ഥ ദൈവത്തെ ആശ്രയിക്കുന്നവർ പ്രകാശിതരായിതീരും.

കൊലൊസ്യയിലുള്ള വിശുദ്ധന്മാരെ ബലപ്പെടുത്തി ഉറപ്പിക്കേണ്ടതിനു പ്രാർത്ഥിച്ചു പ്രബോധിപ്പിക്കുന്നതു എങ്ങനെന്നാൽ നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി കർത്താവിനു യോഗ്യമാകും വണ്ണം നടന്നു ആത്മീയമായ ജ്ഞാനത്തിലും വിവേകത്തിലും അവൻെറ ഇഷ്ടത്തിൻെറ പരിജ്ഞാനം കൊണ്ടു നിറഞ്ഞു വരേണം എന്നും സകല സൽപ്രവർത്തിക്കും ഫലം കായിച്ച് ദൈവത്തെ

കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും സകല സഹിഷ്ണുതക്കും ദീർഘ ക്ഷമെക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിനു ഒത്തവണ്ണം പൂർണ്ണ ശക്തിയോടെ ബലപ്പെടേണമെന്നും വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹ സ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിനു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നു അപേക്ഷിക്കുന്നു. അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പ് ഉണ്ട് (കൊലൊസ്യർ1:10-14) എന്നത്രേ. വിപരീത ഫലമുളവാക്കുന്നവയാണ്. ഇരുട്ടും വെളിച്ചവും. ഇരുട്ട് തിന്മയെ എടുത്തു കാണിക്കുന്നു; വെളിച്ചം നന്മയെയും. ദൈവം വെളിച്ചമാകുന്നു. അവനിൽ ഇരുട്ട് ഒട്ടും ഇല്ല (1 യോഹന്നാൻ1:5). അഭക്തന്മാർക്കിടയിൽ ദൈവമില്ലാത്തതുകൊണ്ട് അവർ ഇരുട്ടിലായി. ദൈവഭക്തന്മാർക്കിടയിൽ ദൈവം ഉള്ളതുകൊണ്ട് അവിടെ വെളിച്ചം ഉണ്ടായി.

"യേശു പിന്നെയും അവരോട് സംസാരിച്ചു: ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു" (യോഹന്നാൻ8:12). അവനോട് കൂട്ടായ്മ ഉണ്ടു എന്നു പറയുകയും ഇരുളിൽ നടക്കയും ചെയ്താൽ നാം ഭോഷ്കു പറയുന്നു. സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹന്നാൻ1:6-7).

★

(ശേഷം അടുത്ത ലക്കത്തിൽ)

# നരകം

## ഡെയിഡ് എൽ. വെബ്സ്റ്റർ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

പക്ഷേ ദൈവത്തെ അനുസരിക്കാതെ ധിക്കരിച്ചു ജീവിക്കുന്നവരും അവസാനം അവിടെ ചെലവഴിക്കും. അതുനാശത്തിൻെറയും വേർപാടിൻെറയും സ്ഥാനമായിരിക്കും. ദൈവത്തെ അനുസരിക്കുന്നവർക്കു പ്രതിഫലവും അനുസരിക്കാത്തവർക്കു ശിക്ഷയും നൽകേണ്ടതു ദൈവസന്നിധിയിൽ നീതി മാത്രമാണ്. മറിച്ച് ചിന്തിക്കുന്നതു അനീതിയാകും.

അപ്പൊസ്തലനായിരുന്ന പൌലൊസിനു ദൈവം വെളിപ്പെടുത്തികൊടുത്ത സന്ദേശത്തിൽനരകത്തെ സംബന്ധിച്ച സത്യവും ഉൾപ്പെടുത്തിയിരിക്കുന്നു. ''കർത്താവായ യേശു തൻെറശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നുഅഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിൻെറ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്നനിങ്ങൾക്കുഞങ്ങളോടുകൂടെആശ്വാസവും പകരം നല്കുന്നതു ദൈവ സന്നിധിയിൽ നീതിയല്ലൊ.'' ആ നാളിൽ അവൻ തൻെറവിശുദ്ധൻമാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതു പോലെ വിശ്വസിച്ച എല്ലാവരിലും താൻ അത്ഭുതവിഷയം ആകേണ്ടതിനും വരുമ്പോൾസുവിശേഷം അനുസരിക്കാത്തവർ കർത്താവിൻെറ സന്നിധാനവും അവൻെറ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാ വിധി അനുഭവിക്കും (2 തെസലൊനിക്യർ

1:6-10). സ്വർഗ്ഗം സ്വർഗ്ഗമാകുന്നതും ദൈവം അവിടെയുള്ളതു കൊണ്ടും നരകം, നരകമാകുന്നതും ദൈവം അവിടെ ഇല്ലാത്തതു കൊണ്ടുമാണെന്നു പറയാം. നരകമെന്നാൽ ദൈവത്തിൽ നിന്നുള്ള നിത്യവേർപാടാണ്. നരകത്തിൻെറ തിക്തമായ അവസ്ഥയെ വേദപുസ്തകത്തിൽ വിവരിച്ചിരിക്കുന്നതിൻെറ കാരണം, മനുഷ്യർ അതു മനസിലാക്കി ദൈവത്തിന് കീഴ്പ്പെട്ട് നല്ല ജീവിതം നയിക്കുന്നതിനും അതിൻെറ ഫലമായി ഒരിക്കലും അത്തരം ശിക്ഷ അനുഭവിക്കാതിരിക്കയും ചെയ്യാം എന്നതാണ്.

മൂന്നാമത്, ആരായിരിക്കും നരകത്തിൽ ഉണ്ടായിരിക്കുക? നരകത്തിൽ എത്തിച്ചേരുന്നവിവിധ ആളുകളെബൈബിൾ വ്യക്തമാക്കുന്നുണ്ട്. പിശാച്ചും അവൻെറ ദൂതന്മാരും അവിടെയും ഉണ്ടായിരിക്കും (മത്തായി 25:41; 2 പത്രോസ് 2:4). ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകല ജാതികളും അവിടെയുണ്ടായിരിക്കും (സങ്കീർത്തനങ്ങൾ 9:17). ദൈവത്തെ അറിയാത്തവരായ ഒരുകൂട്ടം ആളുകൾ അവിടെയുണ്ടായിരിക്കും(2തെസലൊനിക്യർ 1:8). സുവിശേഷം അനുസരിക്കാത്ത ആളുകളും അവിടെയുണ്ടാകും ( 2തെസലൊനിക്യർ 1:8). ജീവ പുസ്തകത്തിൽ പേരില്ലാത്ത ഏവനും നരകത്തിൽ ഉണ്ടാകും ( വെളിപ്പാട് 21:27). കൊള്ളരുതാത്ത ദാസൻ (മത്തായി 25:30). തങ്ങളുടെ ജീവിതത്തിൽ പാപം ചെയ്തവർ (വെളിപ്പാട് 21:27). കൂടാതെ ഭീരുക്കൾ, അവിശ്വാസികൾ, ഒററപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികർ, എന്നിവർക്കും ഭോഷ്ക് പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ. അതു രണ്ടാമത്തെ മരണം (വെളിപ്പാട് 21:8). ചിലർ വിചാരിക്കുന്നത് കൊടും പാപികളായ ചുരുക്കം ചിലർ മാത്രമാണ് നരകത്തിൽ കാണുക എന്നാണ്. ഇപ്പോൾ മനസിലായില്ലേ ആരെല്ലാം അവിടെ പ്രവേശിക്കുമെന്നും എത്ര ഭയാനകമായ ഒന്നാണ് നരകമെന്നും? ഭൂരിഭാഗത്തി

ന്റെ മറവിൽ ജീവിക്കുന്നവരെ മുന്നറിയിക്കുന്ന സംഖ്യ കോരക്കുക. ഒടുവിൽ ഭൂരിപക്ഷവും നഷ്ടപ്പെട്ടു പോകും; ''ഇടുക്കു വാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതു വഴി വിശാലവുമാകുന്നു. അതിൽ കൂടി കടക്കുന്നവർ അനേകരുമാകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്; അതു കണ്ടെത്തുന്ന വർ ചുരുക്കമത്രെ (മത്തായി 7:13). രക്ഷിക്കപ്പെടാത്ത തുകൊണ്ടാണ് ബഹു ഭൂരിപക്ഷവും നഷ്ടപ്പെടുന്നത്.

''ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യ ജീവങ്കലേക്കും പോകും'' (മത്തായി 25:46). യേശു ക്രിസ്തുവിന്റെ പ്രസ്താവനയാണത്. നീതിമാന്മാർക്കു പ്രതിഫലം ദൈവത്തിന്റെ കയ്യിൽ ഉണ്ട്. ദുഷ്ടന്മാർ ക്കുള്ള ശിക്ഷയും അവൻ ഒരുക്കിയിരിക്കുന്നു. അതു മുൻ കൂട്ടി നമ്മെ അറിയിച്ചിട്ടുമുണ്ട്. ഒന്നുകിൽ സ്വർ ഗ്ഗം അല്ലെങ്കിൽ നരകം. നമ്മുടെ ലക്ഷ്യം തിരഞ്ഞെടു ക്കേണ്ടതു നാം ഓരോരുത്തരുമാണ്. നിത്യമായ സ്ഥാനം നമുക്കുണ്ട്. സന്തുഷ്ട കുടുംബമാണോ അതോ സന്താ പ കുടുംബമാണോ നമുക്കു ആവശ്യം? ദൈവം നമ്മെ സ്വർഗ്ഗീയ ഭവനത്തിലേക്കു ക്ഷണിക്കുന്നു. എന്നാൽ സാത്താൻ നരകത്തിലേക്കു ക്ഷണിക്കുന്നു. ആരുടെ ക്ഷണമാണ് സ്വീകരിക്കുക? നിങ്ങളെ വഴി പിഴപ്പിക്കാൻ പിശാച് തന്ത്രങ്ങൾ എല്ലാം ഉപയോഗിക്കും. വഞ്ചിക്ക പ്പെടരുത്. സ്വർഗ്ഗീയ മഹിമ യാഥാർത്ഥ്യമാണ്. വി ശ്വസിക്കൂ, ദൈവത്തിന്റെ സുവിശേഷം അനുസരിക്കൂ. അങ്ങനെ എന്നേക്കുമുള്ള തീയിലുള്ള യാതന ഒഴിവാക്കൂ.

★

# സത്യം വില്ക്കുകയല്ല വാങ്ങുകയത്രെ വേണ്ടത്

T. പിയേഴ്സ് ബ്രൌൺ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

**അ**വന്റെ വിധി എന്ത്? ഇവയുടെ ഉത്തരങ്ങൾ ആധികാരികമായി അവർക്കു നൽകുവാൻ കഴിയുകയില്ല. കാരണം സത്യത്തെ കുറിച്ച് അറിവില്ലാത്ത ആളുകളാണ് അവർ. സങ്കല്പ ജീവികളാണ് ഈ തത്വകരും ശാസ്ത്രജ്ഞൻമാരും. കാര്യ കാരണ സഹിതം വിലയിരുത്തൽ നടത്തുന്ന ഇക്കൂട്ടർ തങ്ങളെക്കുറിച്ച് തന്നെ അറിവില്ലാത്തവർ എന്നു സമ്മതിക്കുമോ?

അത്തരം സത്യങ്ങൾക്കപ്പുറമായി, മത പരവും, ധാർമ്മികവും, ആത്മീകവുമായ സത്യം ഉണ്ട്. ഒരു പക്ഷെ ശലോമോന്റെ മനസിൽ ഈ സത്യമായിരിക്കണം ഉണ്ടായിരുന്നത്. സമൂഹത്തിലെ രാഷ്ട്രീയ നേതാക്കൾ പ്രസംഗിക്കുമ്പോൾ പ്രതിപാദിക്കുന്ന വിഷയങ്ങൾ ആനുകാലിക സദാചാരത്തെ കുറിച്ചോ ആചാരങ്ങളെപ്പററിയോ സ്വഭാവത്തെപ്പററിയോ ആയിരിക്കും. എന്നാൽ അതു രസാവഹമായോ ദുഃഖകരമായോ ആയിട്ടായിരിക്കും അവതരിപ്പിക്കുക. സ്ത്രീ പീഡനത്തെയോ കൊലപാതകങ്ങളെയോ വിവരിക്കുമ്പോൾ അവർ അതു അധാർമ്മികമെന്നോ അസാന്മാർഗ്ഗികമെന്നോ അവരിൽ നിന്നു അഭിപ്രായം കേൾക്കുന്നില്ല. ധാർമ്മികത്വത്തിന്റെയും ആത്മീകത്വത്തിന്റെയും ഉറവിടമായ ദൈവം പരമോന്നതനാണ് എന്ന കാര്യത്തിൽ സംശയമില്ല.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.

Mondays — 9.00 to 9 15 P M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar. Post Box 3815, New Delhi-110049.

Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 80, Kakinada-533001.

Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth

Post Box 8405, Bangalore 560084.

Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum - 695034 Kerala.

Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA** —The Voice of Truth— Speaker : Robert Rathnakar—Box. 448, Bangalore—560004

Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

**You are Cordially Invited**
**To Attend**
**Services and Bible studies**

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

---

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To